# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 28

## വാർത്താക്കുറിപ്പ്

## പ്രൊഫ. സാബു തോമസ് എം.ജി. സർവകലാശാല വൈസ് ചാൻസലറായി ചുമതലയേറ്റു

**– സർവകലാശാലയെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് കൂട്ടായി ശ്രമിക്കും**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പത്താമത് വൈസ് ചാൻസലറായി പ്രൊഫ. സാബു തോമസ് ചുമതലയേറ്റു. സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നിന്ന് കാമ്പസിലെ അധ്യാപകർക്കും വിദ്യാർഥികൾക്കുമൊപ്പം രാവിലെ 10.30ന് കാൽനടയായെത്തിയ പ്രൊഫ. സാബു തോമസിനെ രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടനും സിൻഡിക്കേറ്റംഗങ്ങളും ജീവനക്കാരും ജീവനക്കാരുടെ സംഘടനാ ഭാരവാഹികളും ചേർന്ന് സ്വീകരിച്ചു. തുടർന്ന് ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് ചുമതലയേറ്റത്.

സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, ഡോ. അജി സി. പണിക്കർ, ഡോ. ആർ. പ്രഗാഷ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. എം.എസ്. മുരളി, വി.എസ്. പ്രവീൺകുമാർ, പ്രൊഫ. കെ. ജയചന്ദ്രൻ, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ, അധ്യാപകർ, ജീവനക്കാർ, വിദ്യാർഥികൾ എന്നിവർ സന്നിഹിതരായിരുന്നു. ഭാര്യ ഡോ. ആനി ജോർജും ബന്ധുക്കളും ചുമതലയേൽക്കൽ ചടങ്ങിനെത്തിയിരുന്നു. സർവകലാശാലയിലെ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സിലബസ് പരിഷ്‌ക്കരിച്ചുകൊണ്ടുള്ള ഫയലിൽ ഒപ്പിട്ടുകൊണ്ടാണ് ഔദ്യോഗിക കർത്തവ്യനിർവഹണം ആരംഭിച്ചത്. സർവകലാശാലയെ രാജ്യത്തെ മികച്ച പത്ത് സർവകലാശാലകളിലൊന്നായി മാറ്റുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. സിൻഡിക്കേറ്റംഗങ്ങളും അധ്യാപകരും ജീവനക്കാരും വിദ്യാർഥികളും ഒരു മനസ്സോടെ പ്രവർത്തിക്കുന്നതിനാലാണ് മറ്റ് സർവകലാശാലകൾക്ക് മാതൃകയാകുന്ന നിലയിൽ എം.ജി. വളർന്നത്.

വിദ്യാർഥി സൗഹൃദമായ അന്തരീക്ഷം ദൃഢമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും സർവകലാശാലയെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് കൂട്ടായി ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനാ ഭാരവാഹികൾ വൈസ് ചാൻസലറുടെ പ്രവർത്തനങ്ങൾക്ക് സർവവിധ പിന്തുണയും നൽകുമെന്ന് അറിയിച്ചു. എം.ജി. സർവകലാശാല വിമൻസ് ഫോറം സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനം അദ്ദേഹത്തിന്റെ ആദ്യ ഔദ്യോഗിക പരിപാടിയായി.

## ഫോട്ടോ ക്യാപ്ഷൻ

**(1) മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറായി ചുമതലയേൽക്കാനെത്തിയ പ്രൊഫ. സാബു തോമസിനെ രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടന്റെ നേതൃത്വത്തിൽ സ്വീകരിക്കുന്നു**

**(2) മഹാത്മാ ഗാന്ധി സർവകലാശാലയുടെ പത്താമത് വൈസ് ചാൻസലറായി പ്രൊഫ. സാബു തോമസ് ചുമതലയേൽക്കുന്നു. രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ സമീപം**

**(3) മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറായി ചുമതലയേൽക്കാനെത്തിയ പ്രൊഫ. സാബു തോമസ് ഗാന്ധിജിയുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്നു**

**(4) മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറായി ചുമതലയേറ്റ പ്രൊഫ. സാബു തോമസ് ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സിലബസ് പരിഷ്ക്കരിച്ച ഫയലിൽ ഒപ്പിടുന്നു**

(പി.ആർ.ഒ./39/944/2019)

## എം.ജി. സർവകലാശാല കാമ്പസിൽ നിന്നുള്ള നാലാമത്തെ വൈസ് ചാൻസലർ

### – മധുരം വിതരണം ചെയ്ത് കാമ്പസിൽ ആഘോഷം

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിൽ നിന്ന് വൈസ് ചാൻസലർ പദവിയിലെത്തുന്ന നാലാമത്തെ അധ്യാപകനാണ് പ്രൊഫ. സാബു തോമസ്. സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നിന്ന് വൈസ് ചാൻസലറാകുന്ന മൂന്നാമത്തെ അധ്യാപകനുമാണ് അദ്ദേഹം.

കാമ്പസിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിന്റെ ഡയറക്ടറായിരുന്ന പ്രൊഫ. രാജൻ ഗുരുക്കൾ (2008-2012), സ്കൂൾ ഓഫ് കെമിക്കൽ സയൻസസിന്റെ ഡയറക്ടറായിരുന്ന ഡോ. വി.എൻ. രാജശേഖരൻപിള്ള (1996-2000) എന്നിവർ എം.ജി. സർവകലാശാല വൈസ് ചാൻസലർമാരായപ്പോൾ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഡയറക്ടറായിരുന്ന ഡോ. പി.കെ. രാധാകൃഷ്ണൻ കേരള സർവകലാശാല വൈസ് ചാൻസലറായി.

പോളിമർ കെമിസ്ട്രിയിലും നാനോ സയൻസിലും ലോകമറിയപ്പെടുന്ന ശാസ്ത്രജ്ഞനായ പ്രൊഫ. സാബു തോമസിന്റെ വൈസ് ചാൻസലർ പദവിയിലേക്കുള്ള ഉയർച്ച കേക്ക് മുറിച്ചും മധുരം വിതരണം ചെയ്തുമാണ് കാമ്പസിലെ അധ്യാപകരും വിദ്യാർഥികളും ജീവനക്കാരും ആഘോഷിച്ചത്. സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നിന്ന് അധ്യാപകരുടെ നേതൃത്വത്തിൽ ആഘോഷപൂർവമായാണ് ചുമതലയേൽക്കുന്നതിനായി അദ്ദേഹത്തെ ഓഫീസിലെത്തിച്ചത്. വിദ്യാർഥികളും ഗവേഷകരും ഇതിൽ പങ്കുചേർന്നു.

## ഫോട്ടോ ക്യാപ്ഷൻ

**(5) മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറായി ചുമതലയേൽക്കാനായി സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നിന്ന് കാൽനടയായി അധ്യാപകർക്കും വിദ്യാർഥികൾക്കുമൊപ്പം പ്രൊഫ. സാബു തോമസ് സർവകലാശാല ആസ്ഥാനത്തേക്ക് എത്തുന്നു**

(പി.ആർ.ഒ./39/945/2019)

## എം.ജി. സർവകലാശാല ബിരുദ പ്രവേശനം; ഏകജാലകത്തിലൂടെ രജിസ്റ്റർ ചെയ്തത് 72,112 പേർ

### – ഏറ്റവും പ്രിയം ബി.കോം മോഡൽ I ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രോഗ്രാമിന്
### – ബി.എ. കോഴ്സുകളിൽ ഇക്കണോമിക്സ് മോഡൽ Iനോട് പ്രിയം
### – ബി.എസ്സി.യിൽ കൂടുതൽ ഓപ്ഷൻ കെമിസ്ട്രി മോഡൽ Iന്

മഹാത്മാ ഗാന്ധി സർവകലാശാല ബിരുദ കോഴ്സുകൾക്ക് ഏകജാലകസംവിധാനത്തിലൂടെ 72,112 പേർ അപേക്ഷിച്ചതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. മെയ് 27നാണ് ഓൺലൈൻ രജിസ്ട്രേഷൻ അവസാനിച്ചത്. 37,549 പെൺകുട്ടികളും 34,540 ആൺകുട്ടികളും 23 ഭിന്നലിംഗക്കാരും അപേക്ഷ നൽകി. വിവിധ കോഴ്സുകൾക്കായി 8,65,792 ഓപ്ഷനുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ബി.കോം കോഴ്സുകളിൽ ബി.കോം മോഡൽ I - ഫിനാൻസ് ആന്റ് ടാക്സേഷൻ കോഴ്സിനാണ് ഏറ്റവുമധികം പേർ ഓപ്ഷൻ നൽകിയിട്ടുള്ളത് -1,12,345. പെൺകുട്ടികൾ - 57,813, ആൺകുട്ടികൾ - 54,521, ഭിന്നലിംഗക്കാർ - 11 എന്നിങ്ങനെയാണ് ഓപ്ഷൻ നൽകിയത്. മൊത്തം 1,357 സീറ്റാണുള്ളത്.

ബി.എ. കോഴ്സുകളിൽ ബി.എ. ഇക്കണോമിക്സ് മോഡൽ Iനാണ് ഏറ്റവുമധികം ഓപ്ഷനുകൾ നൽകിയിട്ടുള്ളത് - 1,757 സീറ്റുകളിലേക്ക് 74,915 ഓപ്ഷനുകളാണ് ലഭിച്ചിട്ടുള്ളത്. പെൺകുട്ടികൾ - 42,468, ആൺകുട്ടികൾ - 32,443, ഭിന്നലിംഗക്കാർ - 4 എന്നിങ്ങനെയാണ് ഓപ്ഷൻ നൽകിയത്. 1,333 സീറ്റുകളുള്ള ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡൽ Iന് 66,440 ഓപ്ഷനുകളാണ് നൽകിയിട്ടുള്ളത്. 435 സീറ്റുകളുള്ള ബി.എ. മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡൽ Iന് 22,864 ഓപ്ഷനുകളാണ് നൽകിയിട്ടുള്ളത്.

ബി.എസ്സി. കോഴ്സുകളിൽ ബി.എസ്സി. കെമിസ്ട്രി മോഡൽ Iനാണ് ഏറ്റവുമധികം ഓപ്ഷനുകൾ നൽകിയിട്ടുള്ളത്. 1,001 സീറ്റുകളിലേക്ക് 53,001 ഓപ്ഷനുകളാണ് ലഭിച്ചത്. പെൺകുട്ടികൾ - 35,059, ആൺകുട്ടികൾ - 17,942 എന്നിങ്ങനെയാണ് ഓപ്ഷൻ നൽകിയിട്ടുള്ളത്. 729 സീറ്റുകളുള്ള ബി.എസ്സി. സുവോളജി മോഡൽ Iന് 50,087 ഓപ്ഷനുകളാണ് ലഭിച്ചത്. ബി.എസ്സി. ഫിസിക്സ് മോഡൽ Iന് 47,942 ഓപ്ഷനുകളാണ് നൽകിയിട്ടുള്ളത്. മൊത്തം 945 സീറ്റുകളാണ് ഇതിനുള്ളത്.

2,334 സീറ്റുകളുള്ള ബി.ബി.എയ്ക്ക് 35,364 ഓപ്ഷനുകളാണ് നൽകിയിട്ടുള്ളത്. ബി.സി.എ.യ്ക്ക് 18,572 ഓപ്ഷനുകളാണ് നൽകിയിട്ടുള്ളത്. മൊത്തം 1,985 സീറ്റാണുള്ളത്.

(പി.ആർ.ഒ./39/946/2019)

## എം.ടെക് പരീക്ഷാകേന്ദ്രം

പെരുമ്പാവൂർ കെ.എം.പി. കോളേജ് ഓഫ് എഞ്ചിനീയറിംഗ് പരീക്ഷകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ എം.ടെക് (സപ്ലിമെന്ററി) വിദ്യാർഥികൾ കെ.എം.പി. കോളേജിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി കോതമംഗലം നെല്ലിമറ്റം മാർ ബസേലിയസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ./39/947/2019)

## ബി.എഡ്. പ്രവേശനം; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിലെ ദ്വിവത്സര ബി.എഡ്. പ്രോഗ്രാമിന് അപേക്ഷിക്കാം. ജൂൺ ആറുവരെ അപേക്ഷകൾ സമർപ്പിക്കാം. റാങ്ക് ലിസ്റ്റ് ജൂൺ 15ന് പ്രസിദ്ധീകരിക്കും. ജൂലൈ ഒന്നിന് ക്ലാസുകൾ ആരംഭിക്കും. വിശദവിവരവും പ്രോസ്പെക്ടസും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/948/2019)

## എം.എഡ്. പ്രവേശനം; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ട്രെയിനിംഗ് കോളേജുകളിലെ ദ്വിവത്സര എം.എഡ്. പ്രോഗ്രാമിന് അപേക്ഷിക്കാം. ജൂൺ ആറുവരെ അപേക്ഷകൾ സമർപ്പിക്കാം. റാങ്ക് ലിസ്റ്റ് ജൂൺ 15ന് പ്രസിദ്ധീകരിക്കും. ജൂലൈ ഒന്നിന് ക്ലാസുകൾ ആരംഭിക്കും. വിശദവിവരവും പ്രോസ്പെക്ടസും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/949/2019)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് (മാർക്കറ്റിങ് മാനേജ്മെന്റും ഐ.ടി.യും റീടെയിൽ മാനേജ്മെന്റും ഐ.ടി.യും - 2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) ഏപ്രിൽ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 10ന് മാന്നാനം കെ.ഇ. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/950/2019)

2019 മേയ്/ജൂൺ മാസങ്ങളിൽ നടന്ന നാലാം സെമസ്റ്റർ ബി.എസ്സി. കെമിസ്ട്രി മോഡൽ I, II, III പരീക്ഷയുടെ പ്രാക്ടിക്കൽ (റഗുലർ/സപ്ലിമെന്ററി), പ്രോജക്ട് മൂല്യനിർണയം, വൈവാവോസി എന്നിവ മേയ് 30 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. വിദ്യാർഥികൾ അസൽ ഹാൾടിക്കറ്റുമായി ഹാജരാകണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/951/2019)

## വൈവാവോസി

2019 ഫെബ്രുവരിയിൽ നടന്ന നാലാം സെമസ്റ്റർ (പ്രൈവറ്റ് - റഗുലർ/സപ്ലിമെന്ററി) എം.എ. സംസ്കൃതം സ്പെഷൽ ന്യായം പരീക്ഷയുടെ വൈവാവോസി ജൂൺ ആറിന് രാവിലെ 10 മുതൽ തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃതം കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/952/2019)

## പരീക്ഷഫലം

2019 മേയിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/953/2019)

2018 നവംബറിൽ നടന്ന നാലാം സെമസ്റ്റർ ബി.വോക് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/954/2019)

2018 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്.) ബി.ബി.എ., ബി.ബി.എം., ബി.സി.എ., ബി.ടി.എസ്., ബി.പി.ഇ., ബി.എസ്.ഡബ്ല്യു., ബി.എഫ്.ടി. (സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 12 വരെ അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/955/2019)

## സിവിൽ സർവീസ് പരീക്ഷ പരിശീലനം

യു.പി.എസ്.സി. സിവിൽ സർവീസ് പ്രാഥമിക പരീക്ഷ പരിശീലനത്തിന് മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ അവസരം. 18 വയസ് കഴിഞ്ഞ ബിരുദ വിദ്യാർഥികൾക്കായി ശനി, ഞായർ മറ്റൊഴിവ് ദിനങ്ങളിലാണ് പരിശീലനം. അഭിരുചി പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. ആകെ 60 സീറ്റാണുള്ളത്. പട്ടികജാതി/പട്ടികവർഗ, മറ്റ് പിന്നാക്ക സമുദായ വിദ്യാർഥികൾക്ക് സംവരണമുണ്ട്. സർവകലാശാല ലൈബ്രറി, കമ്പ്യൂട്ടർ ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദമായ വിജ്ഞാപനവും അപേക്ഷഫോമും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/956/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ